**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഇടുക്കി**
**ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്റർ, സിവിൽ സ്റ്റേഷൻ,**
**പൈനാവ്.പി.ഒ, കുയിലിമല, പിൻ - 685603**
ഇമെയിൽ : deocidk@gmail.com
ഫോൺ : 04862 233111, 233130, മൊബൈൽ : 9383463036,7034447100

Break the Chain

**ജില്ലാ കളക്ടർ & ചെയർപേഴ്സൺ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കിയുടെ നടപടിക്രമം.**
**(ഹാജർ: ഷീബ ജോർജ്ജ് ഐ.എ.എസ്)**

വിഷയം: കൊവിഡ് 19 - ഇടുക്കി ജില്ല - കൺടെയിൻമെൻറ് മേഖലകൾ വിജ്ഞാപനം ചെയ്ത്/ വിടുതൽ ചെയ്ത് - കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം :
1) G.O (Ms) No. 18/2020/DMD തീയതി 17.06.2020
2) G.O (Rt) No. 559/2021/DMD തീയതി 30.07.2021
3) 15.04.2021 ലെ ഇടുക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗത്തിലെ തീരുമാനം.
4) ജില്ലാ മെഡിക്കൽ ഓഫീസർ (ആ) യുടെ 14.08.2021 തീയതിയിലെ അപേക്ഷ.

**ഉത്തരവ് നമ്പർ DCIDK/65/2021-DM1 തീയതി: 14-08-2021**

കൊവിഡ് - 19 നിർവ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും, ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കൺടെയിൻമെന്റ് മേഖലകളിൽ നിലവിലെ ലോക്ക്ഡൌൺ നിയന്ത്രണങ്ങൾ തുടരുന്നതിനും, ആവശ്യമെങ്കിൽ പ്രസ്തുത മേഖലകളിൽ അധിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയും ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ കണ്ടെയ്ൻമെന്റ് മേഖലകൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ജില്ലയിലെ കൊവിഡ് വ്യാപനം കണക്കിലെടുത്ത് കണ്ടെയ്ൻമെന്റ് മേഖലകളിൽ ഉൾപ്പെടുത്തേണ്ട/ ഒഴിവാക്കേണ്ട മേഖലകൾ സംബന്ധിച്ച് പരാമർശം (4) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ (ആ) ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ജില്ലയിൽ സമ്പർക്കം മൂലമുള്ള കോവിഡ് - 19 കേസുകൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കണ്ടൈൻമെൻറ് മേഖലകളായി വിജ്ഞാപനം ചെയ്തിരുന്ന **ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ/ പ്രദേശങ്ങൾ കണ്ടെയ്ൻമെൻറ് മേഖലകളിൽ നിന്നും ഒഴിവാക്കി** ദുരന്തനിവാരണ നിയമം 2005 സെക്ഷൻ 30 (2 ) (v) പ്രകാരം ഉത്തരവാകുന്നു.

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനം | കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് സോൺ |
|---|---|---|
| 1. | രാജകുമാരി ഗ്രാമപഞ്ചായത്ത് | a) വാർഡ്-7 ലെ സ്റ്റേഡിയം ജംഗ്ഷൻ മുതൽ കപ്പിലാംകുടി ജംഗ്ഷൻ വരെ റോഡിനിരുവശവും<br>b) വാർഡ്-8 ലെ മുരിക്കുംതൊട്ടി മുസ്ലിം കോളനി ക്ലസ്റ്റർ -3 |

ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ/ പ്രദേശങ്ങൾ കണ്ടെയ്ൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖലകളായി തുടരുന്നതാണ്.

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖല |
|---|---|---|
| 1. | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | a) 6 -ാം വാർഡിൽ ഉൾപ്പെട്ട വരുന്ന കിഴക്കേ മെത്തോട്ടി മുതൽ പടിഞ്ഞാറെ മെത്തോട്ടി വരെയുള്ള റോഡിന്റെ ഇരുവശങ്ങളും<br>b) 7-ാം വാർഡ് പൂർണ്ണമായും<br>c) 2-ാം വാർഡിൽ ഇളംദേശം തൊട്ടുപുഴ റോഡിൻറെ വലതുവശം കുരിശുപള്ളി മുതൽ മുറിയത്തോട്ടു വരെയും , ഇടതുവശം തൈത്തോട്ടം പാലം മുതൽ മുറിയതോട്ടു വരെയും ഉള്ള പ്രദേശങ്ങൾ |
| 2. | ഉപ്പുതറ ഗ്രാമപഞ്ചായത്ത് | വാർഡ് 5 ൽ പോലീസ് സ്റ്റേഷൻ തോണിത്തടി റോഡിന്റെ ഇരു വശവും അരകിലോമീറ്റർ ചുറ്റളവിൽ , ലീലാമ്മ ചെത്തിപ്പുഴയുടെ വീട് മുതൽ തോണിത്തടി അംഗൻവാടി വരെയുള്ള പ്രദേശം |
| 3. | വണ്ടന്മേട് ഗ്രാമപഞ്ചായത്ത് | 13- ാം വാർഡ് പൂർണ്ണമായും. |
| 4. | പുറപ്പുഴ ഗ്രാമ പഞ്ചായത്ത് | പാലവളവ് മാനച്ചാൽ കുണിഞ്ഞി റോഡ് മുതൽ കുണിഞ്ഞി പനക്കച്ചാൽ റോഡ് വരെ, വാർഡ് 9, 10 ൽ ഉൾപ്പെടുന്ന ഭാഗം |
| 5. | മുട്ടം ഗ്രാമപഞ്ചായത്ത് | 4 -ാം വാർഡിൽ ഉൾപ്പെട്ട വരുന്ന ശങ്കരപ്പള്ളി അംഗൻവാടി മുതൽ ശങ്കരപ്പള്ളി കോളനി വരെ ഉൾപ്പെടുന്ന പ്രദേശം. |
| 6. | കുടയത്തൂർ ഗ്രാമപഞ്ചായത്ത് | 6 -ാം വാർഡ് പൂർണ്ണമായും |

ഈ ഉത്തരവിന് ഇന്നേ ദിവസം **(14.08.2021)** മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-
ജില്ലാ കളക്ടർ & ചെയർപേഴ്സൺ
ജില്ലാ ദുരന്തനിവാരണ അതോറിറ്റി

സ്വീകർത്താക്കൾ -

1. ജില്ലാ പോലീസ് മേധാവി, ഇടുക്കി
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), ഇടുക്കി
3. സബ് കളക്ടർ, ദേവികുളം.
4. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി.
5. എല്ലാ തഹസിൽദാർമാർക്കും.
6. സെക്രട്ടറി, തൊടുപുഴ/കട്ടപ്പന നഗരസഭ.
7. സെക്ടറൽ മജിസ്ട്രേറ്റുമാർക്ക് (തഹസിൽദാർമാർ മുഖേന)
8. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (ഡിഡിപി മുഖേന)

9. ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് (തഹസിൽദാർ മുഖേന)

പകർപ്പ് -

1. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഇടുക്കി, തൊടുപുഴ
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (പ്രസിദ്ധീകരണത്തിനായി)
3. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, ഇടുക്കി (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ജില്ലാ പ്രോജക്ട് മാനേജർ, കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ, ഇടുക്കി ( കൊവിഡ് - 19 ജാഗ്രത പോർട്ടലിൽ കണ്ടെയിൻമെന്റ് സോൺ മാപ്പിംഗ് നടത്തുന്നതിലേക്കായി)
5. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട് (ഡി.എം)